ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായ ഗെയിൽ (ഇന്ത്യ) ലിമിറ്റഡാണ് കൊച്ചി-മംഗലാപുരം-ബാംഗ്ലൂർ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക-സാമൂഹിക ആഘാതങ്ങളെ സംബന്ധിച്ച് ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഗ്യാസ് പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലത്തെ ഭൂമിയുടെ വിനിയോഗാവകാശം (RoU) മാത്രമേ ഗെയിലിനുള്ളൂ. അതിനാൽ ആർക്കും ഭൂമി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല. പെട്രോളിയം ആന്റ് മിനറൽ പൈപ്പ് ലൈൻ ആക്ട് സെക്ഷൻ 3(1) പ്രകാരമുള്ള നോട്ടീസിന്റെ പകർപ്പ് ബന്ധപ്പെട്ട ഭൂവുടമകൾ കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ പ്രസ്തുത നോട്ടീസിന്റെ കോപ്പി ബന്ധപ്പെട്ട വില്ലേജ്, താലൂക്ക്, പഞ്ചായത്ത് ആഫീസുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ആക്ടിലെ സെക്ഷൻ 6(1) പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷനും കേന്ദ്ര സർക്കാർ പ്രസിദ്ധികരിച്ചിട്ടുണ്ട്.

(സി) രാജ്യത്തെ ഇതര സ്ഥലങ്ങളിലെ പൈപ്പ് ലൈനുകളിൽ ഉപയോഗിക്കുന്ന പ്രകൃതി വാതകത്തിൽ നിന്ന് വിഭിന്നമായി സംസ്കരിച്ചതും ഈർപ്പരഹിതവുമായ പ്രകൃതി വാതകമാണ് കേരളത്തിലെ പൈപ്പ് ലൈൻ പദ്ധതിയിൽ ഉപയോഗിക്കുന്നത് എന്നതിനാൽ അപകട സാധ്യത താരതമ്യേന വളരെ കുറവാണ്. അന്തർദ്ദേശീയവും ദേശീയവുമായ ഏറ്റവും പുതിയ സുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പൈപ്പിന്റെ നിർമ്മാണഘട്ടത്തിലും പൈപ്പ് സ്ഥാപിക്കുന്ന ഘട്ടത്തിലും ഗെയിൽ പാലിക്കുന്നുണ്ട്. സ്ഥാപിച്ച വാതക പൈപ്പ് ലൈനിന്റെ മർദ്ദം, താപം, ഉരുമ്പ് ചെറുക്കൽ സംവിധാനം എന്നിവ ഓൺലൈൻ വഴി നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള "റീജിയണൽ ഗ്യാസ് മാനേജ്മെന്റ് സെന്റർ" (കൺട്രോൾ റൂം) 24 മണിക്കൂറും പരിചയ സമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരുടെ കീഴിൽ കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു ഈ സെന്ററിന്റെ പ്രവർത്തനങ്ങൾ ഡൽഹിയിൽ സ്ഥാപിച്ചിരിക്കുന്ന നാഷണൽ ഗ്യാസ് മാനേജ്മെന്റ് സെന്ററിൽ നിന്നുകൂടി നിരീക്ഷിക്കാവുന്നതും നിയന്ത്രിക്കാവുന്നതുമാണ്.

സിഡ്കോയിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം

236 (2474) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോയിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി./ എംപ്ലോയ്മെന്റ്/റിക്രൂട്ട്മെന്റ് ബോർഡ് എന്നിങ്ങനെ ഏത് സംവിധാനത്തിലൂടെയാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിക്കാറുണ്ടോ ;

(സി) മാനേജർ (മാർക്കറ്റിംഗ്) തസ്തികയുടെ കേഡർ സ്ട്രെങ്ത് എത്രയാണ്, ഇപ്പോൾ ഈ വിഭാഗത്തിൽ എത്ര ഒഴിവുകളുണ്ട് ;

(ഡി) 11-8-2013-ന് നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ മാനേജർ (മാർക്കറ്റിംഗ്) തസ്തികയിലേയ്ക്ക് എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത് ; ഇതിൽ എത്ര പേരെ നിയമിച്ചു ; ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സിഡ്കോയിൽ അടിസ്ഥാന ശമ്പളം 11,070 രൂപ വരെയുള്ള തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി. മുഖേന നടത്തിവരുന്നു. സിഡ്കോ സ്റ്റാഫ് റെഗുലേഷൻ 9 (ഡി) പ്രകാരം ചില തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം എഴുത്തു പരീക്ഷയുടെയും കൂടിക്കാഴ്ചയുടേയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരുടെ പട്ടികയിൽ നിന്ന് നിയമനം നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) മാനേജർ (മാർക്കറ്റിംഗ്) തസ്തികയുടെ കേഡർ സ്ട്രെങ്ത് 14 ആണ്. ഇപ്പോൾ ഈ വിഭാഗത്തിൽ 5 ഒഴിവുകളാണ് നിലവിലുള്ളത്.

(ഡി) 103 പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിൽ 9 പേരെ നിയമിച്ചു കഴിഞ്ഞു. ഇവരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

കറ്റാടി നാളികേര പാർക്ക്

237 (2475) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിലുള്ള കറ്റാടി നാളികേര പാർക്കിന്റെ നാളിതുവരെയുള്ള പ്രവർത്തനപുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നാളികേര പാർക്കിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

---

* ചോദ്യമായി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly